©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2015 ജനുവരി 1<br>1st January 2015<br>1190 ധനു 17<br>17th Dhanu 1190<br>1936 പൌഷം 11<br>11th Pousha 1936 | നമ്പർ<br>No. | 5 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-ഡി വകുപ്പ്)

### വിജ്ഞാപനം

നമ്പർ 21182/ഡി2/2014/നിയമം. *തിരുവനന്തപുരം, 2015 ജനുവരി 1 / 1190 ധനു 17/1936 പൌഷം 11.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2015 ജനുവരി 1-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. രമണി,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/05/2015/S3.

**2015-ലെ 5-ാം ആക്റ്റ്**

# 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാ ടിക്കറ്റിൻമേലുള്ള സെസ്സ്) ആക്റ്റ്

കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ, യാത്രക്കാർക്ക് വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷയ്ക്കും മെച്ചപ്പെട്ട വ്യക്തിപര സൗകര്യങ്ങൾക്കും സേവനത്തിൽനിന്നു വിരമിച്ചതോ വിരമിക്കുന്നതോ ആയ ജീവനക്കാർക്ക് സാമൂഹ്യ സുരക്ഷാ നടപടികൾക്കും, യാത്രാടിക്കറ്റിൻമേൽ സെസ്സ് ചുമത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നടത്തുന്ന സ്റ്റേജ് കാര്യേജ് ബസ്സുകളിലെ യാത്രക്കാർക്ക് വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും യാത്രക്കാർക്ക് വ്യക്തിപര സൗകര്യങ്ങളും കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ചതോ വിരമിക്കുന്നതോ ആയ ജീവനക്കാർക്ക് കൂടി സാമൂഹ്യ സുരക്ഷാ നടപടികൾ വ്യാപിപ്പിക്കുന്നതും ആവശ്യവും യുക്തവും ആയിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി അഞ്ചാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിൻമേലുള്ള സെസ്സ്) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2014 ഒക്ടോബർ 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''കോർപ്പറേഷൻ'' എന്നാൽ 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻസ് ആക്റ്റിന്റെ (1950-ലെ 64-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(ബി) ''നിധി'' എന്നാൽ 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻസ് ആക്റ്റിന്റെ (1950-ലെ 64-ാം കേന്ദ്ര ആക്റ്റ്) 27-ാം വകുപ്പ് പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിധി എന്നർത്ഥമാകുന്നു;

(സി) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) ''യാത്രക്കാരൻ'' എന്നാൽ കോർപ്പറേഷൻ നടത്തുന്ന ഒരു സ്റ്റേജ് കാര്യേജ് ബസ്സിൽ യാത്രാ ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നതും അതിൽ ഒരു കുട്ടിയും ടിക്കറ്റ് ചാർജ്ജ് നിരക്കിൽ ഇളവിന് അർഹരായ മറ്റേതൊരാളും ഉൾപ്പെടുന്നതുമാകുന്നു;

(ഇ) ''യാത്രക്കാർക്കുള്ള സൗകര്യങ്ങളിൽ'' കാത്തിരിപ്പിനുള്ള മുറി, ശൗചാലയം, കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ, പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്;

(എഫ്) ''പെൻഷൻ'' എന്നാൽ കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം ലഭിക്കാൻ അർഹതയുള്ള പെൻഷൻ എന്നർത്ഥമാകുന്നു;

(ജി) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) ''പട്ടിക'' എന്നാൽ ഈ ആക്റ്റിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(ഐ) ''പദ്ധതി'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഒരു പദ്ധതി എന്നർത്ഥമാകുന്നു;

(ജെ) ''സാമൂഹ്യ സുരക്ഷ'' എന്നതിൽ കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ചതോ വിരമിക്കുന്നതോ ആയ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതും ഉൾപ്പെടുന്നതാകുന്നു.

3. പദ്ധതികൾ ഉണ്ടാക്കുന്നതിനുള്ള കോർപ്പറേഷന്റെ അധികാരം.—(1) കോർപ്പറേഷന്, അതിന്റെ യാത്രക്കാർക്കുവേണ്ടി യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷ, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട യാത്രാ സൗകര്യങ്ങൾ എന്നിവയും കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ചതോ വിരമിക്കുന്നതോ ആയ ജീവനക്കാർക്ക് സാമൂഹ്യ സുരക്ഷാ നടപടികളും ഏർപ്പെടുത്തുന്നതിനായി, ഗസറ്റ് വിജ്ഞാപനംവഴി, പദ്ധതികൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി,—

(എ) കോർപ്പറേഷന്, വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷയ്ക്കുവേണ്ടിയുള്ള ഒരു പദ്ധതിയിൽ,—

(i) സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി, ഒരു ഇൻഡ്യൻ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് യാത്രക്കാർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷയ്ക്കുവേണ്ടിയുള്ള ക്രമീകരണങ്ങൾക്കുവേണ്ടിയും;

(ii) ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധി നിശ്ചയിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി യാത്രക്കാരെ തരം തിരിക്കുന്നതിനും;

(iii) ഇൻഷ്വറൻസ് തുക നൽകുന്നതിന് അനുവർത്തിക്കേണ്ട നടപടി ക്രമങ്ങളും;

(iv) പരിക്കുകളുടെ സ്വഭാവത്തിനനുസൃതമായും മരണം സംഭവിക്കുന്ന സംഗതിയിലും, അതതു സംഗതിപോലെ, ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനുള്ള യാത്രക്കാരന്റെയും അനന്തരാവകാശിയുടെയും അർഹതയും;

(v) യാത്രക്കാരെ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കലും തുക നൽകലും സംബന്ധിച്ച നടപടിക്രമങ്ങളും;

(vi) പദ്ധതി നടത്തിപ്പിലുണ്ടാകാവുന്ന ഏത് തർക്കവും പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിനും ;

(vii) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ അങ്ങനെയുള്ള മറ്റ് കാര്യങ്ങൾക്കും ;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(ബി) മെച്ചപ്പെട്ട യാത്രാ സൗകര്യങ്ങൾക്ക് വേണ്ടിയുള്ള ഒരു പദ്ധതിയിൽ, കോർപ്പറേഷന്,—

(i) യാത്രക്കാർക്ക് ലഭ്യമാക്കാവുന്ന യാത്രാസൗകര്യങ്ങൾ വിനിർദ്ദേശിക്കാവുന്നതാണ്;

(ii) യാത്രക്കാർക്കുള്ള സൗകര്യങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനും വ്യവസ്ഥ ചെയ്യാവുന്നതാണ്;

(iii) യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി ഏത് സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(സി) ജീവനക്കാർക്കുവേണ്ടിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ, കോർപ്പറേഷന്,—

(i) കോർപ്പറേഷന്റെ സേവനത്തിൽ നിന്ന് വിരമിച്ചതോ വിരമിക്കുന്നതോ ആയ അതിന്റെ ജീവനക്കാർക്ക്, ഈ ആവശ്യത്തിനുള്ള ചെലവ് കോർപ്പറേഷന് മറ്റു വിധത്തിൽ വഹിക്കാൻ കഴിയാതെ വരുന്ന സംഗതിയിൽ, പെൻഷൻ നൽകുന്നതിന് വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്;

(ii) പെൻഷൻ നൽകുന്നതിലേക്കായി ഏതെങ്കിലും തുക ക്രമപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്;

(iii) ഈ ആക്റ്റ് പ്രകാരം നിധിയിലേക്ക് വരവ് വച്ച തുക, കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ചതോ വിരമിക്കുന്നതോ ആയ അതിന്റെ ജീവനക്കാരുടെ നേട്ടത്തിനായി, താത്ക്കാലികമായി ക്രമപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്;

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഓരോ പദ്ധതിയും അത് ഗസറ്റിൽ പ്രസിദ്ധീകരിച്ചാലുടൻ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

വിശദീകരണം:— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ''ഇന്ത്യൻ ഇൻഷ്വറൻസ് കമ്പനി'' എന്ന പദപ്രയോഗത്തിന് 1938-ലെ ഇൻഷ്വറൻസ് ആക്റ്റിലെ (1938-ലെ 4-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (7 എ) ഖണ്ഡത്തിൽ ആ പദപ്രയോഗത്തിനു നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

4. യാത്രാ ടിക്കറ്റിൻമേൽ സെസ്സ് ചുമത്തലും പിരിച്ചെടുക്കലും.—(1) ഈ ആക്റ്റ് പ്രകാരമുള്ള പദ്ധതികളുടെ ആവശ്യങ്ങളിലേക്കായി, കോർപ്പറേഷന്റെ യാത്രാ ടിക്കറ്റുകളിൻമേൽ, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിൽ, ഒരു സെസ്സ് ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

(2) കോർപ്പറേഷൻ നടത്തുന്ന സ്റ്റേജ് കാര്യേജ് ബസ്സുകളിൽ യാത്ര ചെയ്യുന്ന ഓരോ ആളും, അയാൾക്ക് യാത്രാ ടിക്കറ്റ് നൽകിയാൽ ഉടൻ, യാത്രാക്കൂലിയോടൊപ്പം (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സെസ്സ് നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന ടിക്കറ്റുകളിൽ സെസ്സ് തുക ഉൾക്കൊള്ളേണ്ടതും ആയത് ടിക്കറ്റിൽ പ്രത്യേകമായി കാണിക്കേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള സെസ്സ്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന്റെ കീഴിൽ റോഡിൻമേലോ യാത്രക്കാരിലോ വാഹനങ്ങളിൻമേലോ ചുമത്താവുന്ന ഏതെങ്കിലും സെസ്സിനോ തീരുവയ്ക്കോ നികുതിക്കോ പുറമെയായിരിക്കുന്നതാണ്.

(5) (2)-ാം ഉപവകുപ്പ് പ്രകാരം പിരിച്ചെടുത്ത സെസ്സ് തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആദ്യം സംസ്ഥാന സഞ്ചിതനിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

(6) പിരിച്ചെടുത്ത സെസ്സ് തുക ഓരോ മൂന്നു മാസം കൂടുമ്പോഴും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, കോർപ്പറേഷന്റെ നിധിയിലേക്ക് സർക്കാർ നൽകേണ്ടതാണ്.

(7) (6)-ാം ഉപവകുപ്പ് പ്രകാരം കോർപ്പറേഷന് സർക്കാർ നൽകുന്ന തുക നിധിയിലേക്ക് വരവ് വയ്ക്കേണ്ടതും ഒരു പ്രത്യേക അക്കൗണ്ട് ശീർഷകത്തിൻ കീഴിൽ സൂക്ഷിക്കേണ്ടതുമാണ്.

5. <u>യാത്രക്കാരുടെ അവകാശങ്ങൾ.</u>—(1) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള പദ്ധതി പ്രകാരമുള്ള, യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഓരോ യാത്രക്കാരനും അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരു യാത്രക്കാരനും പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനു മുമ്പാകെ അങ്ങനെയുള്ള സമയപരിധിക്കകം ഒരു പരാതി സമർപ്പിക്കാവുന്നതാണ്.

(3) പദ്ധതിയിൻകീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന ഏതൊരു യാത്രക്കാരനോ യാത്രക്കാരന്റെ അനന്തരാവകാശികൾക്കോ ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ അറുപത് ദിവസത്തിനകം സർക്കാർ മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

6. <u>പട്ടിക ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, നിയമസഭ സമ്മേളനത്തിലല്ലാത്ത സന്ദർഭത്തിൽ, പൊതുതാൽപര്യാർത്ഥമോ കോർപ്പറേഷന്റെ ശുപാർശയിൻമേലോ, ഗസറ്റ് വിജ്ഞാപനംവഴി, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള സെസ്സ് നിരക്ക് വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനുള്ള ആവശ്യത്തിനായി പട്ടിക ഭേദഗതി ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ വിജ്ഞാപനവും ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട്, നിയമസഭ മുമ്പാകെ അതിന്റെ തൊട്ടടുത്ത സമ്മേളനത്തിൽ വയ്ക്കേണ്ടതും നിയമസഭയുടെ അങ്ങനെയുള്ള സമ്മേളന കാലത്ത് അങ്ങനെയുള്ള ഓരോ വിജ്ഞാപനത്തിനും പകരമായി സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിനു പകരം (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാത്തപക്ഷം ആ വിജ്ഞാപനം അങ്ങനെയുള്ള സമ്മേളനം അവസാനിക്കുന്നതോടെ പ്രാബല്യത്തിലില്ലാതായി തീരുന്നതാണ്.

7. <u>സെസ്സ് ചുമത്തുന്നതും പിരിച്ചെടുക്കുന്നതും നിർത്തലാക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനുമുള്ള അധികാരം.</u>—(1) സർക്കാരിന്, പൊതുതാൽപ്പര്യാർത്ഥമോ കോർപ്പറേഷന്റെ ശിപാർശയിൻമേലോ, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന, ഏതു സമയത്തും, ഈ ആക്റ്റ് പ്രകാരമുള്ള സെസ്സ് ചുമത്തുന്നതും പിരിച്ചെടുക്കുന്നതും നിർത്തിവയ്ക്കാവുന്നതും അതേ രീതിയിൽ, സർക്കാരിന്, ഏതു സമയത്തും, അങ്ങനെയുള്ള സെസ്സ് ചുമത്തുന്നതും പിരിച്ചെടുക്കുന്നതും പുനഃസ്ഥാപിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സെസ്സ് ചുമത്തുന്നതും പിരിച്ചെടുക്കുന്നതും നിർത്തലാക്കുന്ന സംഗതിയിൽ, കോർപ്പറേഷന്, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും അല്ലെങ്കിൽ എല്ലാ പദ്ധതികളും നിർത്തലാക്കുകയോ തുടരുകയോ ചെയ്യാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും പദ്ധതി കോർപ്പറേഷൻ നിർത്തലാക്കുന്ന സംഗതിയിൽ, അങ്ങനെയുള്ള പദ്ധതിയിൻകീഴിലുള്ള എല്ലാ അവകാശവാദങ്ങളും അങ്ങനെയുള്ള പദ്ധതി നിർത്തലാക്കിയാലുടൻ അത് തീർപ്പാക്കിയിരിക്കേണ്ടതാണ്.

8. <u>സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.</u>—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഒരു പദ്ധതി പ്രകാരമോ അധികാരപ്പെടുത്തപ്പെട്ടതോ നിയമിക്കപ്പെട്ടതോ ആയ ഏതെങ്കിലും അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ ഒത്തു തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ തർക്കമോ ഒത്തുതീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

10. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാ ടിക്കറ്റിൻമേലുള്ള സെസ്സ്) ഓർഡിനൻസ് (2014-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

**പട്ടിക**

[4(1) വകുപ്പ് കാണുക]

| ക്രമ നമ്പർ | ടിക്കറ്റ് നിരക്ക് പ്രകാരമുള്ള സ്ലാബ് | സെസ്സ് തുക (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | 14 രൂപ വരെ | ഇല്ല |
| 2 | 15 രൂപ മുതൽ 24 രൂപ വരെ | ഒന്ന് |
| 3 | 25 രൂപ മുതൽ 49 രൂപ വരെ | രണ്ട് |
| 4 | 50 രൂപ മുതൽ 74 രൂപ വരെ | മൂന്ന് |
| 5 | 75 രൂപ മുതൽ 99 രൂപ വരെ | നാല് |
| 6 | 100 രൂപയും അതിനു മുകളിലും | പത്ത് |

GOVERNMENT OF KERALA

**Law (Legislation-D) Department**

NOTIFICATION

No. 21182/Leg. D2/2014/Law.

*Dated, Thiruvananthapuram, 1st January, 2015.*
*17th Dhanu 1190/*
*11th Pousha, 1936.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala State Road Transport Corporation (Passenger Group Personal Accident Insurance, Improved Passenger Amenities, Employees' Social Security and Cess on Passenger Ticket) Act, 2014 (5 of 2015).

By order of the Governor,

C. REMANI,

*Special Secretary (Law).*

[Translation in English of "2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ആക്റ്റ്" published under the authority of the Governor.]

## ACT 5 OF 2015

## THE KERALA STATE ROAD TRANSPORT CORPORATION (PASSENGER GROUP PERSONAL ACCIDENT INSURANCE, IMPROVED PASSENGER AMENITIES, EMPLOYEES' SOCIAL SECURITY AND CESS ON PASSENGER TICKET) ACT, 2014

*An Act to provide for group personal accident insurance coverage and improved personal amenities to passengers, social security measures for the employees who have retired or retires from the services and to levy cess on passenger ticket, of the Kerala State Road Transport Corporation.*

*Preamble.*—WHEREAS, it is necessary and expedient to provide for group personal accident insurance coverage to passengers in the stage carriage buses operated by the Kerala State Road Transport Corporation, to provide for personal amenities to passengers and also to extend the social security measures to the employees who have retired or retires from the services of the Corporation;

BE it enacted in the Sixty-fifth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala State Road Transport Corporation (Passenger Group Personal Accident Insurance, Improved Passenger Amenities, Employees' Social Security and Cess on Passenger Ticket) Act, 2014.

(2) It shall be deemed to have come into force on the 16th day of October, 2014.

2. *Definitions.*—In this Act, unless the context otherwise requires,—

(a) "Corporation" means the Kerala State Road Transport Corporation established under section 3 of the Road Transport Corporations Act, 1950 (Central Act 64 of 1950);

(b) "Fund" means the Fund of the Corporation constituted under Section 27 of the Road Transport Corporations Act, 1950 (Central Act 64 of 1950);

(c) "Government" means the Government of Kerala;

(d) "Passenger" means any person who travels in a stage carriage bus operated by the Corporation after taking passenger fare ticket and includes a child or any other person who are eligible for concession in the rate of fare ticket;

(e) "Passenger amenities" includes waiting room, toilet, drinking water facilities and primary medical facilities;

(f) "Pension" means the eligible pension of the employees, who have retired from the services of the Corporation, as per the laws in force at the date of commencement of this Act;

(g) "Prescribed" means prescribed by rules made under this Act;

(h) "Schedule" means the Schedule to this Act;

(i) "Scheme" means a scheme made under this Act;

(j) "Social security" includes payment of pension to the employees also who have retired or retires from the services of the Corporation.

3. *Power of the Corporation to make schemes.*—(1) The Corporation may, by notification in the Gazette, make schemes to introduce passenger group personal accident insurance coverage and improved passenger amenities to its passengers and for social security measures for its employees who have retired or retires from the services of the Corporation.

(2) Subject to the provisions of this Act,—

(a) in a scheme for the group personal accident insurance coverage, the Corporation may provide,—

(i) for the arrangements for insurance coverage to the passengers, with an Indian insurance company, with the prior sanction of the Government;

(ii) to categorise the passengers for the purposes of fixing the extent of insurance coverage;

(iii) for the procedure to be observed for the award of the amount of insurance;

(iv) eligibility of a passenger and his legal heirs for the insurance amount in accordance with the nature of injuries and in the case of death as the case may be;

(v) hospitalization of passengers and the procedure for payment of amount;

(vi) mechanism to settle any dispute that may arise in the implementation of the scheme;

(vii) such other matters for the effective implementation of the scheme.

(b) in a scheme for improved passenger amenities, the Corporation may,—

(i) specify the passenger amenities that may be made available to the passengers;

(ii) provide for the management and maintenance of passenger amenities;

(iii) provide for arrangement of any convenience for the better service to the passengers.

(c) in the scheme for employees' social security, the Corporation may,—

(i) provide for giving pension to its employees who have retired or retires from the services of the Corporation where the Corporation cannot otherwise meet the expenditure for the purpose;

(ii) provide for adjustment of any amount for the payment of pension;

(iii) provide for temporary arrangement of the amount credited to the Fund under this Act for the benefit of its employees who have retired or retires from the services of the Corporation;

(3) Every scheme made under this Act shall be laid before the Legislative Assembly as soon as it is published in the Gazette.

*Explanation*:—For the purposes of this section, the expression "Indian insurance company" shall have the same meaning assigned to that expression in clause (7A) of section 2 of the Insurance Act, 1938 (Central Act 4 of 1938).

4. *Levy and collection of cess on passenger ticket.*—(1) There shall be levied and collected a cess, for the purposes of the schemes under this Act, on passenger tickets of the Corporation, at the rates specified in the Schedule.

(2) Every person travelling in a stage carriage bus operated by the Corporation shall be liable to pay the cess under sub-section (1) along with the payment of fare, as soon as the passenger ticket is issued to him.

(3) The tickets issued under sub-section (2) shall contain the amount of cess which shall be shown in the ticket separately.

(4) The cess levied under sub-section (1) shall be in addition to any cess, duty or tax leviable on road, passengers or vehicles under any other law for the time being in force.

(5) The proceeds of the cess collected under sub-section (2) shall be credited initially to the Consolidated Fund of the State in the manner as may be prescribed.

(6) The amount of cess collected shall be paid to the Fund of the Corporation by the Government in every three months, in the manner as may be prescribed.

(7) The amount paid to the Corporation by the Government under sub-section (6) shall be credited to the Fund and shall be kept under a separate head of account.

5. *Rights of passengers.*—(1) Every passenger shall be entitled to get the benefit of the passenger group personal accident insurance coverage as per the scheme made under this Act.

(2) Any passenger aggrieved by the decision of the Corporation in respect of such insurance coverage may make a complaint before such authority, within such time limit, as may be specified in the scheme.

(3) Any passenger or legal heirs of a passenger aggrieved by the decision of any authority under the scheme may appeal to the Government within sixty days from the date of receipt of the order.

6. *Power to amend the Schedule.*—(1) The Government may, where the Legislative Assembly is not in session, in public interest or on the recommendation of the Corporation, by notification in the Gazette, amend the Schedule for the purpose of increasing or reducing the rate of cess specified in the Schedule.

(2) Every notification issued under sub-section (1) shall be laid before the Legislative Assembly in its immediately succeeding session stating the reasons for the same and every such notification shall be replaced by an Act of the State Legislature during such session of the Legislative Assembly.

(3) Where a notification issued under sub-section (1) is not replaced by an Act of the State Legislature as provided under sub-section (2), the notification shall cease to operate at the end of such session.

7. *Power to stop and restore the levy and collection of cess.*—(1) The Government may, in public interest or on the recommendation of the Corporation, at any time, by order published in the Gazette, stop the levy and collection of the cess under this Act and in the like manner, the Government may, at any time, restore the levy and collection of such cess.

(2) Where the levy and collection of cess is stopped under sub-section (1), the Corporation may stop or continue any or all of the schemes under this Act:

Provided that where the Corporation stops any such scheme, it shall settle all the claims under such schemes as soon as such scheme is stopped.

8. *Bar of jurisdiction of civil courts.*—No civil court shall have jurisdiction to settle, decide or deal with any question or dispute or to determine any matter which is required to be settled, decided or dealt with by any authority or officer authorized or appointed under this Act or a scheme made thereunder.

9. *Power to make rules.*—(1) The Government may, by notification in the Gazette, make rules for carrying out the purposes of this Act.

(2) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions and if, before the expiry of the session in which it is so laid, or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

10. *Repeal and saving.*—(1) The Kerala State Road Transport Corporation (Passenger Group Personal Accident Insurance, Improved Passenger Amenities, Employees' Social Security and Cess on Passenger Ticket) Ordinance, 2014 (25 of 2014) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the said Ordinance shall be deemed to have been done or taken under this Act.

SCHEDULE

[*See* section 4(1)]

| *Sl. No.* | *Slab as per ticket fare* | *Amount of cess (in rupee)* |
|---|---|---|
| (1) | (2) | (3) |
| 1 | Up to ₹ 14 | Nil |
| 2 | ₹ 15 to ₹ 24 | One |
| 3 | ₹ 25 to ₹ 49 | Two |
| 4 | ₹ 50 to ₹ 74 | Three |
| 5 | ₹ 75 to ₹ 99 | Four |
| 6 | ₹ 100 and above | Ten |